LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ അനുവദിക്കാൻ നടപടി

42(2950) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി തുടങ്ങിയ വിഷയങ്ങൾ പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ; അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എയ്ഡഡ്/സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ ഹയർസെക്കന്ററി കോഴ്സുകളുടെ കോമ്പിനേഷൻ നിശ്ചയിക്കുന്നതിനും, അനുവദിക്കുന്നതിനും ചുമതല വഹിക്കുന്നത് ആരാണ് ;

(സി) വിദ്യാർത്ഥികൾ പഠിക്കേണ്ടതും, എന്നാൽ വളരെ അപൂർവ്വമായി മാത്രം അനുവദിക്കാറുള്ളതുമായ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന കൂടുതൽ കോമ്പിനേഷനുകൾ കൂടുതൽ സ്കൂളുകളിൽ (സർക്കാർ സ്കൂളുകളിലെങ്കിലും) അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; +2 വിന് അഡ്മിഷൻ ബാച്ച് അനുവദിക്കുമ്പോൾ ഈ വിഷയങ്ങൾക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ആന്ത്രോപ്പോളജി - 12 സ്കൂളുകളിൽ

ജിയോളജി - 46 സ്കൂളുകളിൽ

ജ്യോഗ്രഫി - 288 സ്കൂളുകളിൽ

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഹയർസെക്കന്ററി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കാനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന പ്രകാരം സ്കൂൾ അധികാരികൾ (സർക്കാർ സ്കൂൾ-ഹെഡ്മാസ്റ്റർ, എയ്ഡഡ് സ്കൂൾ-മാനേജർ) പ്രാദേശിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ അപേക്ഷയിൽ രേഖപ്പെടുത്തി നൽകുന്ന വിഷയ കോമ്പിനേഷനുകളാണ് സർക്കാർ അനുവദിക്കുന്നത്. സ്കൂൾ അധികാരികളുടെ അപേക്ഷ പ്രകാരമല്ലാത്ത ബാച്ചുകൾ അനുവദിക്കുന്നപക്ഷം പ്രാദേശികമായി പ്രസ്തുത ബാച്ചുകളിലേക്ക് മതിയായ വിദ്യാർത്ഥികളെ ലഭ്യമാകാതിരിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ, നിർബന്ധപൂർവ്വം ആവശ്യപ്പെടാത്ത, ബാച്ചുകൾ സ്കൂളുകൾക്ക് അനുവദിച്ചുനൽകാറില്ല. ഭാവിയിൽ പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ച് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് സ്കൂൾ അധികാരികൾ അപേക്ഷിക്കുന്നപക്ഷം ഹയർസെക്കന്ററി

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

സ്കൂളുകളിൽ ആന്ത്രോപ്പോളജി, ജിയോളജി, ജ്യോഗ്രഫി വിഷയങ്ങൾ ഉൾക്കൊള്ളുന്ന ബാച്ചുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി

43(2951) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസാവകാശ നിയമം അനുസരിച്ചുള്ള ദൂരപരിധിയിൽ വിദ്യാലയങ്ങളില്ലാത്ത സ്ഥലങ്ങളിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം എത്ര വിദ്യാലയങ്ങൾ പുതുതായി ആരംഭിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ വിദ്യാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ ശൗചിമുറികൾ

44(2952) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഹയർസെക്കന്ററി ഹൈസ്കൂളുകളിലാണ് ശൗചിമുറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ശൗചിമുറികൾ ഇല്ലാത്ത സ്കൂളുകളിൽ ആയത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും എന്നത്തോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) ശൗചിമുറികൾ പണിയുന്നതിനുവേണ്ടി റോട്ടറി, ലയൺസ് ക്ലബ്ബുകൾ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളെ പങ്കാളികളാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും ശൗചിമുറികൾ ഉണ്ട്.

(ബി) ശൗചിമുറികൾ കുറവുള്ള സ്കൂളുകൾക്ക് എസ്.എസ്.എ., ആർ.എം.എസ്.എ.,

LIBRARY ARCHIVES Kerala Legislative Assembly